**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1036** **30-06-2022 - ൽ മറുപടിയ്ക്ക്**

**തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മൂന്ന് പഞ്ചായത്തുകൾക്ക് കുടിവെള്ള ലഭ്യത, ജലസേചന സൗകര്യം എന്നിവയ്ക്ക് സഹായകരമാകുന്ന തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തിയാക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ബി) | പ്രസ്തുതനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തടസ്സം നില നിൽക്കുന്നുണ്ട്. 28.03.2022ന് കാലാവധി പൂർത്തിയായ മേൽ പ്രവൃത്തിക്ക് കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരു ന്നില്ല. 11.05.2022ന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഹാളിൽ പുതുക്കാട് എം.എൽ.എ യുടെ സാന്നിധ്യത്തിൽ നടന്ന സർവ്വ കക്ഷി യോഗത്തിൽ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലനിന്നിരുന്ന തടസ്സങ്ങൾ അതുമായി ബന്ധപ്പെട്ട വ്യക്തികളുമായി ചർച്ച ചെയ്യുകയും തൊട്ടടുത്ത ദിവസങ്ങളിൽ പരിഹരിക്കുകയും സ്ഥലം ലഭ്യമാക്കുകയും ചെയ്തു. അതിനെ തുടർന്ന് കരാറുകാരൻ 31.12.2022 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സൂപ്രണ്ടിങ് എൻജിനീയറുടെ കാര്യാലയത്തിൽ സമർപ്പി ച്ചിട്ടുണ്ട്. നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് ജിഎസ്ടി ലഭിക്കാത്തതിനാൽ കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറാകുന്നില്ല എന്ന തടസ്സമാണ് നിലനിൽക്കുന്നത്. കൂടാതെ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തി രണ്ടു തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്. |
| (സി) | ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും ഇലക്ട്രിക്കൽ | (സി) | പ്രസ്തുതനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തടസ്സം |

| | | | |
|---|---|---|---|
| | വർക്കുകൾ ഉൾപ്പെടെയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് പദ്ധതി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | നില നിൽക്കുന്നുണ്ട്. 28.03.2022ന് കാലാവധി പൂർത്തിയായ മേൽ പ്രവൃത്തിക്ക് കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരു ന്നില്ല. 11.05.2022ന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഹാളിൽ പുതുക്കാട് എം.എൽ.എ യുടെ സാന്നിധ്യത്തിൽ നടന്ന സർവ്വ കക്ഷി യോഗത്തിൽ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലനിന്നിരുന്ന തടസ്സങ്ങൾ അതുമായി ബന്ധപ്പെട്ട വ്യക്തികളുമായി ചർച്ച ചെയ്യുകയും തൊട്ടടുത്ത ദിവസങ്ങളിൽ പരിഹരിക്കുകയും സ്ഥലം ലഭ്യമാക്കുകയും ചെയ്തു. അതിനെ തുടർന്ന് കരാറുകാരൻ 31.12.2022 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സൂപ്രണ്ടിങ് എൻജിനീയറുടെ കാര്യാലയത്തിൽ സമർപ്പി ച്ചിട്ടുണ്ട്. നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് ജിഎസ്ടി ലഭിക്കാത്തതിനാൽ കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറാകുന്നില്ല എന്ന തടസ്സമാണ് നിലനിൽക്കുന്നത്. കൂടാതെ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തി രണ്ടു തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ